No.CEE/2601/ PG Homoeo/2020/TA1

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

# പത്രക്കുറിപ്പ്

## ബിരുദാനന്തര ബിരുദ ഹോമിയോ കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം-2020

തിരുവനന്തപുരത്തും, കോഴിക്കോടുമുള്ള സർക്കാർ ഹോമിയോ മെഡിക്കൽ കോളേജുകളിൽ 2020–21 വർഷത്തെ വിവിധ ബിരുദാനന്തര ബിരുദ ഹോമിയോ കോഴ്സുകളിലേയ്ക്കുള്ള പ്രവേശനത്തിനായി ഓൺലൈനായി അപേക്ഷകൾ ക്ഷണിക്കുന്നു. AIAPGET-2020 യോഗ്യത നേടിയവർക്ക് ഓൺലൈൻ അപേക്ഷ പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ്സൈറ്റിലൂടെ **30.12.2020** മുതൽ **03.01.2021 വൈകുന്നേരം 3 മണി** വരെ സമർപ്പിക്കാവുന്നതാണ്. പ്രവേശനം സംബന്ധിച്ചുള്ള വിശദമായ വിജ്ഞാപനങ്ങൾ, പ്രോസ്പെക്ടസ് എന്നിവ www.cee.kerala.gov.in വെബ്സൈറ്റിൽ ലഭ്യമാകുന്നതാണ്. പ്രോസ്പെക്ടസിൽ സൂചിപ്പിച്ചിട്ടുള്ള സർട്ടിഫിക്കറ്റ്/അനുബന്ധ രേഖകൾ ഓൺലൈൻ അപേക്ഷയോടൊപ്പം **03.01.2021** വൈകുന്നേരം **3.00** മണിയ്ക്കുള്ളിൽ അപ്‌ലോഡ് ചെയ്യേണ്ടതാണ്. രേഖകൾ അപ്‌ലോഡ് ചെയ്യാൻ അധികസമയം അനുവദിക്കുകയോ നേരിട്ട് സ്വീകരിക്കുകയോ ചെയ്യുന്നതല്ല. സാമൂദായിക പ്രത്യേക സംവരാണാനുകൂല്യങ്ങൾക്ക് അർഹരായ വിദ്യാർത്ഥികൾ അവ തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റുകൾ നിശ്ചിത സമയത്തിനകം ലഭ്യമാക്കി അപ്‌ലോഡ് ചെയ്യേണ്ടതാണ്.

ഹെൽപ്പ് ലൈൻ നമ്പർ: 0471 2525300

തിരുവനന്തപുരം
30.12.2020

പ്രവേശന പരീക്ഷാ കമ്മീഷണർ